## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2052 05.05.2017-ൽ മറുപടിയ്ക്ക്

## ആദിവാസികൾക്കും പട്ടികജാതി വിഭാഗങ്ങൾക്കും ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ്.പി. | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | ആദിവാസികൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ജാതി സർട്ടിഫിക്കറ്റ് അനുവദിയ്ക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ അധികാരികൾക്ക് തീരുമാനം കൈക്കൊള്ളാൻ കഴിയാത്ത കേസ്സുകളിന്മേൽ കിർത്താഡ്സിന്റെ നരവംശശാസ്ത്രപരമായ അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെടാറുണ്ട്. 1996-ലെ ആക്ട് 11 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് വിശദമായ വംശവൃക്ഷാവലി തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആവശ്യമായ കാലതാമസം ഉണ്ടാകാറുണ്ട്.<br><br>ജാതി സർട്ടിഫിക്കറ്റ് അനുവദിയ്ക്കുന്നതുമായി ബന്ധപ്പെട്ട് താലൂക്ക് തലത്തിൽത്തന്നെ തീരുമാനം കൈക്കൊള്ളുന്നതിന് സഹായകരമായ പരിശീലനം റവന്യൂ അധികാരികൾക്ക് കിർത്താഡ്സിൽ നൽകിവരുന്നു. കൂടാതെ കാലാകാലങ്ങളായി തീർപ്പുകൽപ്പിക്കപ്പെടാതെ കിടക്കുന്ന അപേക്ഷകളിന്മേൽ ജില്ലകൾ തോറും റവന്യൂ അദാലത്തുകൾ നടത്തി തീർപ്പുകൽപ്പിക്കുന്നുണ്ട്. |
| (ബി) | ആദിവാസികൾക്ക് ജാതി സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ആദിവാസികൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി ഇവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ മറ്റുള്ളവർ തട്ടിയെടുക്കുന്നത് തടയുന്നതിന് സഹായകരമാണ്. ലളിതമായ നടപടിക്രമങ്ങളിലൂടെ ജാതിസർട്ടിഫിക്കറ്റ് നൽകിയാൽ വ്യാജ ജാതി സർട്ടിഫിക്കറ്റുകളുടെ എണ്ണം കൂടാൻ സാദ്ധ്യതയുണ്ട്. എന്നതുകൊണ്ട് ഇപ്പോൾ ഈ വിഷയം പരിഗണിയ്ക്കുവാൻ നിർവ്വാഹമില്ല. |
| (സി) | ആദിവാസികൾക്കും മറ്റ് പട്ടികജാതി വിഭാഗങ്ങൾക്കും കാലതാമസം കൂടാതെ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | തർക്കവിഷയങ്ങൾ ഒഴിച്ചുള്ള കേസ്സുകളിൽ കാലതാമസം കൂടാതെ ജാതി സർട്ടിഫിക്കറ്റ് അനുവദിയ്ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ